**പതിമൂന്നാം കേരള നിയമസഭ**

# മുതിർന്ന പൗരന്മാരുടെ ക്ഷേമം സംബന്ധിച്ച സമിതി (2011-2014)

**ഒന്നാമത് റിപ്പോർട്ട്**

(2011ഒക്ടോബർ 20 മുതൽ 2012 മേയ് 31 വരെ
പരിഗണിച്ച ഹർജികൾ സംബന്ധിച്ച്)

(2012 ജൂലൈ 23-ാം തീയതി സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2012

പതിമൂന്നാം കേരള നിയമസഭ

# മുതിർന്ന പൗരന്മാരുടെ ക്ഷേമം സംബന്ധിച്ച സമിതി (2011-2014)

**ഒന്നാമത് റിപ്പോർട്ട്**

(2011 ഒക്ടോബർ 20 മുതൽ 2012 മേയ് 31 വരെ
പരിഗണിച്ച ഹർജികൾ സംബന്ധിച്ച്)

(2012 ജൂലൈ 23-ാം തീയതി സമർപ്പിച്ചത്)

1006/2012.

# ഉള്ളടക്കം


| | | | |
|---|---|---|---|
| | | | *പേജ്* |
| സമിതിയുടെ ഘടന | | .. | v |
| ആമുഖം | | .. | vii |
| റിപ്പോർട്ട് | | .. | 1 |
| അനുബന്ധം I: | ഗവൺമെന്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടി അവസാനിപ്പിച്ച ഹർജികളെ സംബന്ധിച്ച സ്റ്റേറ്റ്മെന്റ് | .. | 8 |
| II. | ഗവൺമെന്റിൽ നിന്ന് അന്തിമ റിപ്പോർട്ട് ലഭിക്കാത്തതിനാൽ തീരുമാനമാകാത്ത ഹർജികളെ സംബന്ധിച്ച സ്റ്റേറ്റ്മെന്റ് | .. | 13 |

## സമിതിയുടെ ഘടന

അദ്ധ്യക്ഷൻ :

ശ്രീ. റ്റി. യു. കുരുവിള, എം.എൽ.എ.

അംഗങ്ങൾ :

ശ്രീ. എ. എ. അസീസ്, എം.എൽ.എ.
,, ബി. ഡി. ദേവസ്സി, എം.എൽ.എ.
,, വർക്കല കഹാർ, എം.എൽ.എ.
,, കെ. കുഞ്ഞിരാമൻ (ഉദുമ), എം.എൽ.എ.
,, കെ. മുഹമ്മദുണ്ണി ഹാജി, എം.എൽ.എ.
,, എസ്. രാജേന്ദ്രൻ, എം.എൽ.എ.
,, കെ. രാജു, എം.എൽ.എ.
,, തേറമ്പിൽ രാമകൃഷ്ണൻ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. കെ. മുരളീധരൻ, സെക്രട്ടറി-ഇൻ-ചാർജ്ജ്
,, കെ. പുരുഷോത്തമൻ, ജോയിന്റ് സെക്രട്ടറി
,, എസ്. തുളസീധരൻ, ഡെപ്യൂട്ടി സെക്രട്ടറി
,, സി. ശശികുമാർ, അണ്ടർ സെക്രട്ടറി.

# ആമുഖം

മുതിർന്ന പൗരന്മാരുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ ആദ്യ റിപ്പോർട്ട് സമർപ്പിക്കുന്നു.

സമിതി റിപ്പോർട്ട് കാലയളവിൽ 12 യോഗങ്ങൾ ചേർന്നു.

സമിതിക്ക് ലഭിച്ച ഹർജികളും അവ സംബന്ധിച്ച് ഗവൺമെന്റിൽ നിന്നും ലഭിച്ച റിപ്പോർട്ടുകളും സമിതിയുടെ വൃദ്ധസദന സന്ദർശനങ്ങളും, തെളിവെടുപ്പ് യോഗങ്ങളും അവയിന്മേൽ സമിതിയുടെ അഭിപ്രായങ്ങളും നിഗമനങ്ങളും തീരുമാനങ്ങളും ശുപാർശകളും ഉൾക്കൊള്ളുന്നതാണ് ഈ റിപ്പോർട്ട്.

ഈ റിപ്പോർട്ട് 2012 ജൂലൈ 17-ന് കൂടിയ യോഗം അംഗീകരിച്ചു.

റ്റി. യു. കുരുവിള,

*അദ്ധ്യക്ഷൻ,*
*മുതിർന്ന പൗരന്മാരുടെ ക്ഷേമം*
*സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2012 ജൂലൈ 23.

# റിപ്പോർട്ട്

ഇരുപത്തി ഒന്നാം നൂറ്റാണ്ട് അഭിമുഖീകരിക്കുന്ന മുഖ്യ പ്രശ്നങ്ങളിലൊന്നായി മാറിയിരിക്കുന്നു വയോജന പരിപാലനം. യുവതലമുറ തിരക്കുള്ള കരിയറിസ്റ്റുകളായി മാറുമ്പോൾ ജീവിത സായാഹ്നത്തിലെത്തിയ മാതാപിതാക്കൾ നിരാലംബരായി തീരുന്നു. വാർദ്ധക്യസഹജമായ രോഗങ്ങൾക്ക് യഥാസമയം ചികിത്സ തേടാൻ ഇവർക്ക് കഴിയാതെ വരുന്നു. ഇങ്ങനെ ഏകാന്ത തടവറയിൽ ജീവിതം തള്ളിനീക്കുവാൻ വിധിക്കപ്പെടുന്ന വയോജനങ്ങൾക്കുനേരെയുള്ള അതിക്രമങ്ങളും പീഡനങ്ങളും ചൂഷണവും നാൾക്കുനാൾ വർദ്ധിച്ചുവരുന്നു. ഇവരുടെ സംരക്ഷണ ത്തിനായി പല നിയമങ്ങളും നിലവിൽ വന്നിട്ടുണ്ടെങ്കിലും അവയൊന്നും യഥാവിധം നടപ്പാക്കുന്നതിൽ ബന്ധപ്പെട്ട അധികാരകേന്ദ്രങ്ങൾ വേണ്ടത്ര ശുഷ്കാന്തി കാട്ടുന്നില്ല. ഈ പശ്ചാത്തലത്തിലാണ് കേരള നിയമസഭ 2010 ജൂലൈ 31-ന് മുതിർന്ന പൗരന്മാരുടെ ക്ഷേമം സംബന്ധിച്ച സമിതിക്ക് രൂപം നൽകിയത്.

2. മുതിർന്ന പൗരൻമാരുടെ ക്ഷേമത്തിനായി രൂപീകരിക്കപ്പെട്ടിട്ടുള്ള സംസ്ഥാന/ജില്ലാതല കൗൺസിലുകളുടെ പ്രവർത്തനം സംബന്ധിച്ച ആക്ഷേപങ്ങളും പരാതി കളും പരിശോധിക്കുക, സംസ്ഥാന സർക്കാർ ഉടമസ്ഥതയിലും സ്വകാര്യ ഉടമസ്ഥത യിലും പ്രവർത്തിച്ചുവരുന്ന ഓൾഡ് ഏജ് ഹോമുകളുടെ പ്രവർത്തനം സംബന്ധിച്ച പരാതികൾ പരിശോധിക്കുക, മുതിർന്ന പൗരൻമാരുടെ ക്ഷേമത്തിനായി അനുവദിക്ക പ്പെടുന്ന ഫണ്ടുകൾ ഈ ആവശ്യത്തിനായിത്തന്നെയാണോ വിനിയോഗിക്കപ്പെടുന്നത് എന്ന് പരിശോധിക്കുക, മേൽപ്പറഞ്ഞ കാര്യങ്ങളെ സംബന്ധിക്കുന്ന പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുക, നിയമസഭയോ സ്പീക്കറോ പ്രത്യേകം നിർദ്ദേശിച്ചതായ അനുബന്ധകാര്യങ്ങൾ പരിശോധിച്ച് റിപ്പോർട്ട് നൽകുക എന്നിവയാണ് സമിതിയുടെ ചുമതലകൾ.

3. സമിതിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി മുതിർന്ന പൗരൻ മാരുടെ ക്ഷേമം സംബന്ധിച്ച സമിതി (2010-11) രൂപം നൽകിയ ഇന്റേണൽ വർക്കിംഗ് റൂളിന് ബഹുമാനപ്പെട്ട സ്പീക്കർ 2011 ഏപ്രിൽ 19-ാം തീയതി അംഗീകാരം നൽകി. സമിതിയുടെ ചുമതലാപരിധിയിൽ വരുന്ന വ്യക്തികളുടെ/സംഘടനകളുടെ പരാതി സ്വീകരിക്കുന്നതിനുള്ള നടപടിക്രമം ലളിതമാക്കുന്നതിനും കാലതാമസം ഒഴിവാക്കുന്നതിനും ഇന്റേണൽ വർക്കിംഗ് റൂൾ നിലവിൽ വന്നത് ഏറെ സഹായകരമായിട്ടുണ്ട്.

4. സാമൂഹ്യനീതി നിഷേധിക്കപ്പെട്ട വയോജനങ്ങൾക്ക് നീതി ലഭ്യമാക്കേണ്ടത് അത്യന്താപേക്ഷിതമാണെന്ന് കണ്ട് വയോജനങ്ങളുടെ പരാതികൾ സമിതി ശ്രദ്ധാ പൂർവ്വം പരിഗണിച്ച് പൊതുചട്ടങ്ങൾക്ക് അനുസൃതമാണെങ്കിൽ ആയത് സംബന്ധിച്ച മറുപടി ലഭ്യമാക്കുന്നതിനായി സർക്കാരിലേക്ക് റിപ്പോർട്ടിനയയ്ക്കുന്നു. ഹർജി കളിന്മേൽ ലഭ്യമാകുന്ന മറുപടികൾ പരിഗണിച്ച് പരിഹാര നിർദ്ദേശങ്ങൾ സർക്കാരിലേക്ക് ശുപാർശയായി നൽകുക, നിശ്ചിത സമയത്തിനുള്ളിൽ മറുപടി ലഭ്യമാകാത്ത ഹർജികളിൽ, വകുപ്പദ്ധ്യക്ഷൻമാരിൽ നിന്നും തെളിവെടുപ്പ് നടത്തി പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും പ്രസ്തുത നിർദ്ദേശങ്ങൾ വകുപ്പദ്ധ്യക്ഷന്മാർ നടപ്പിലാക്കുന്നുവെന്ന് ഉറപ്പുവരുത്തുകയും ചെയ്യുക തുടങ്ങിയവ സമിതിയുടെ

പ്രധാന കർത്തവ്യങ്ങളിൽ ഉൾപ്പെടുന്നു. കൂടാതെ നിരാലംബരായ വയോജനങ്ങൾ വസിക്കുന്ന വൃദ്ധസദന സന്ദർശനവും ക്ഷേമാന്വേഷണവും അടിസ്ഥാന സൗകര്യ ക്രമീകരണങ്ങൾ നടപ്പിലാക്കലും വയോജനങ്ങൾക്കായി നടപ്പിലാക്കിവരുന്ന ക്ഷേമ പദ്ധതികൾ അവരിലേക്ക് തന്നെ യഥാസമയം എത്തുന്നുവെന്ന് ഉറപ്പുവരുത്തുകയും ചെയ്യുക എന്നിവയെല്ലാം സമിതിയുടെ പരമപ്രധാനമായ കർത്തവ്യങ്ങളിൽ ഉൾപ്പെടുന്നു.

5. പന്ത്രണ്ടാം കേരള നിയമസഭയുടെ മുതിർന്ന പൗരൻമാരുടെ ക്ഷേമം സംബന്ധിച്ച സമിതി അതിന്റെ ഒന്നാമത് റിപ്പോർട്ട് 2011 ഫെബ്രുവരി 17-ാം തീയതി സഭയിൽ സമർപ്പിച്ചു. പതിമൂന്നാം കേരള നിയമസഭയുടെ മുതിർന്ന പൗരൻമാരുടെ ക്ഷേമം സംബന്ധിച്ച സമിതി (2011-14) 2011 ഒക്ടോബർ 20-ാം തീയതി രൂപീകൃതമായി.

6. 2011 ഒക്ടോബർ 20 മുതൽ 2012 മേയ് 31 വരെയുള്ള കാലയളവിൽ സമിതിയുടെ പരിഗണനയിൽ വന്ന ഹർജികളിന്മേലും സമിതിയുടെ വൃദ്ധസദന സന്ദർശനങ്ങളിലും തെളിവെടുപ്പ് യോഗങ്ങളിലും കൈക്കൊണ്ട നിർദ്ദേശങ്ങളും ശുപാർശകളും അടിസ്ഥാനമാക്കി അവ പ്രാവർത്തികമാക്കുന്നതിനായുള്ള തീരുമാനങ്ങളും ശുപാർശകളും ഉൾക്കൊള്ളിച്ചുകൊണ്ടുള്ളതാണ് ഈ റിപ്പോർട്ട്.

7. 2011 ഒക്ടോബർ മുതൽ 2012 മേയ് വരെയുള്ള കാലയളവിൽ സമിതി 12 യോഗങ്ങൾ ചേരുകയും 67 ഹർജികൾ പരിഗണിക്കുകയും ചെയ്തു. ഇതിൽ 11 യോഗങ്ങൾ സർക്കാരിൽ നിന്നും ലഭിച്ച റിപ്പോർട്ടുകൾ പരിഗണിക്കുകയും 30-5-2012-ൽ ചേർന്ന യോഗം സാമൂഹ്യക്ഷേമം, റവന്യൂ, ദേവസ്വം എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരിൽ നിന്നും വയോജനക്ഷേമം സംബന്ധിച്ച് തെളിവെടുപ്പുകൾ നടത്തുകയും ചെയ്തു. ഈ കാലയളവിൽ സമിതി 3 സന്ദർശനങ്ങൾ നടത്തുകയുണ്ടായി. തിരുവനന്തപുരം ചാക്ക കെയർ ഹോമും തൃശ്ശൂർ, കാസർഗോഡ് എന്നീ ജില്ലകളിലെ സർക്കാർ വൃദ്ധസദനങ്ങളും സന്ദർശിക്കുകയും സമിതി പരിഗണിച്ച 67 ഹർജികളിൽ ബന്ധപ്പെട്ട ജില്ലാതല ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു. 16 ഹർജികളിലെ ആവശ്യങ്ങൾ സർക്കാർ പൂർണ്ണമായും അംഗീകരിച്ചവയും ബാക്കിയുള്ളവ ഭാഗികമായി അംഗീകരിച്ചവയോ, അംഗീകരിക്കാൻ നിർവ്വാഹമില്ലാത്തവയോ ആയിരുന്നു. ഈ കാലയളവിൽ സമിതിക്ക് 20 പുതിയ ഹർജികൾ ലഭിച്ചു.

8. സംസ്ഥാനത്തൊട്ടാകെ പ്രവർത്തിക്കുന്ന 15 സർക്കാർ വൃദ്ധസദനങ്ങളും സർക്കാർ ഗ്രാന്റോടുകൂടി പ്രവർത്തിക്കുന്ന 154 വൃദ്ധസദനങ്ങളും സന്ദർശിക്കാനും അവയുടെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യാനും പ്രസ്തുത സ്ഥാപനങ്ങളുടെ സുഗമമായ നടത്തിപ്പിനാവശ്യമായ നിർദ്ദേശങ്ങൾ/ശുപാർശകൾ സർക്കാരിനെ അറിയിക്കാനും സമിതി ഉദ്ദേശിക്കുന്നു. സാമൂഹ്യക്ഷേമ വകുപ്പിൽ വൃദ്ധസദനങ്ങളുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് പ്രത്യേക സെൽ രൂപീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

9. ആരോഗ്യപ്രശ്നങ്ങൾമൂലം തിരക്കുള്ള വാഹനങ്ങളിൽ യാത്ര ചെയ്യാൻ ബുദ്ധിമുട്ടനുഭവിക്കുന്ന വയോജനങ്ങളുടെ നിസ്സഹായാവസ്ഥ പരിഗണിച്ച് എല്ലാ ക്ഷേമപെൻഷനുകളും മണി ഓർഡർ ആയി നൽകണമെന്ന് സമിതി ശുപാർശ

ചെയ്യുന്നു. കൂടാതെ വെൽഫയർ സ്കീമുകളിൽ അംഗങ്ങളായ വൃദ്ധജനങ്ങളുടെ മരണാനന്തര സാമ്പത്തിക സഹായം 5000 രൂപയായി വർദ്ധിപ്പിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

10. സമൂഹത്തെ അലോസരപ്പെടുത്തുന്ന അസംതൃപ്തരായ വിഭാഗമായി മുതിർന്ന പൗരൻമാരെ കാണാതെ അറിവും അനുഭവസമ്പത്തും ആവോളമുള്ള ജന സമൂഹമായി കാണാനും അവരെ ആദരവോടെ ഉൾക്കൊള്ളാനും അംഗീകരി ക്കാനുമുള്ള മനസ്സ് വളർന്നുവരുന്ന തലമുറയിൽ ഉണ്ടാക്കുന്നതിനായി വയോജന പരിപാലനത്തിനും ക്ഷേമത്തിനും മുൻതൂക്കം നൽകി സ്കൂൾ പാഠ്യപദ്ധതി നിർണ്ണയിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

11. വൃദ്ധരായ മാതാപിതാക്കളെ സംരക്ഷിക്കാത്ത വരുമാനമുള്ള മക്കൾ ക്കെതിരെ പരാതി കൊടുക്കാൻ മാതാപിതാക്കൾ തയ്യാറാകാത്ത സാഹചര്യം ഇന്ന് നിലവിലുണ്ട്. ഇത്തരം പ്രശ്നങ്ങളിൽ ഫലപ്രദമായി ഇടപെടുന്നതിനും വയോജന ങ്ങളുടെ സംരക്ഷണം ഉറപ്പുവരുത്തുന്നതിനുമായി പഞ്ചായത്ത്തലത്തിൽ ജാഗ്രതാ സമിതികൾ രൂപീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

12. വീടുകളിൽ മറ്റംഗങ്ങൾ ഇല്ലാത്ത പകൽ സമയത്ത് വയോജനങ്ങൾ വളരെ യധികം ഏകാന്തതയും അസഹിഷ്ണുതയും അനുഭവിക്കുന്നതായി ജില്ലകളിലെ സന്ദർശനവേളയിൽ വളരെപ്പേർ സമിതി മുമ്പാകെ പരാതിപ്പെടുകയുണ്ടായി. ഇത് മാനസിക പ്രശ്നങ്ങളടക്കം പലവിധ രോഗങ്ങൾക്കും വഴിതെളിക്കുന്നതായി സമിതി വിലയിരുത്തുന്നു. പ്രസ്തുത പ്രശ്നപരിഹാരത്തിനായി ത്രിതല പഞ്ചായത്ത് തലത്തിൽ പകൽ വിശ്രമകേന്ദ്രങ്ങൾ/പകൽ പരിപാലനകേന്ദ്രങ്ങൾ എന്നിവ സ്ഥാപി ക്കണമെന്നും വിശ്രമ കേന്ദ്രങ്ങൾക്കായി പത്ത് സെന്റ് സ്ഥലം വാങ്ങുന്നതിനായി ബഡ്ജറ്റിൽ തുക വകയിരുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

13. വൃദ്ധസദനങ്ങളിൽ ലാബ് സൗകര്യം ഇല്ലാത്തതിനാൽ രോഗികളായ അന്തേ വാസികൾക്ക് മാസം തോറുമുള്ള ബ്ലഡ്, യൂറിൻ തുടങ്ങിയ പരിശോധനകൾക്ക് നില വിൽ മാർഗ്ഗമില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ഈ സാഹചര്യത്തിൽ വൃദ്ധ സദനങ്ങളിൽ മാസം തോറും എത്തി രോഗികളുടെ ബ്ലഡ്, യൂറിൻ എന്നിവ പരിശോധിക്കുന്നതിനായി ഒരു നഴ്സിംഗ് അസിസ്റ്റന്റിനെ നിയമിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

14. ഒറ്റയ്ക്ക് താമസിക്കുന്ന വൃദ്ധജനങ്ങളെ മാസം തോറും സന്ദർശിച്ച് അവർക്കാവശ്യമായ സംരക്ഷണം ലഭ്യമാക്കണമെന്ന് ആഭ്യന്തര വകുപ്പുമായി ബന്ധ പ്പെട്ട സർക്കാർ ഉത്തരവ് നിലവിലുണ്ടെങ്കിലും ആയത് കൃത്യമായി നടപ്പിലാ ക്കുന്നില്ലെന്ന് സമിതി കണ്ടെത്തുകയുണ്ടായി. ആയതിനാൽ പ്രസ്തുത ഉത്തരവ് കർശ നമായി നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ആഭ്യന്തര വകുപ്പിനോട് സമിതി ശുപാർശ ചെയ്യുന്നു.

15. തമിഴ്നാട്, കർണ്ണാടകം എന്നീ സംസ്ഥാനങ്ങളിൽ മുതിർന്ന പൗരൻമാർക്ക് ബസ്സ് യാത്രാക്കൂലിയിൽ ഇളവ് അനുവദിക്കുന്നതായി സമിതിക്ക് ലഭിച്ച ഹർജികളിൽ പലരും ചൂണ്ടിക്കാട്ടുകയുണ്ടായി. ഈ സൗജന്യം കേരളത്തിലും നടപ്പിലാക്കാൻ നടപടി വേണമെന്നും കെ.എസ്.ആർ.ടി.സി. ബസ്സിൽ മുതിർന്ന പൗരൻമാർക്ക് 30% ഇളവ് അനുവദിക്കണമെന്നും ശുപാർശ ചെയ്യുന്നു.

16. 60 വയസ്സ് വരെ വിദേശത്ത് ജോലി ചെയ്യുന്നവർ അതിനുശേഷം നാട്ടിലേക്ക് തിരികെ വരുന്നത് സംസ്ഥാനത്ത് വയോജന സാന്നിദ്ധ്യം കൂടുന്നതിന് കാരണമാകുന്നുവെന്ന് സമിതി വിലയിരുത്തുന്നു. നിയമങ്ങൾ നടപ്പാക്കിയും ക്ഷേമ പദ്ധതികൾ ആവിഷ്കരിച്ചും വയോജനങ്ങളുടെ സാമ്പത്തിക ബുദ്ധിമുട്ടുകൾ പരിഹരിക്കാനും സുരക്ഷ ഉറപ്പാക്കാനും സർക്കാരിന് കഴിഞ്ഞേക്കാമെങ്കിലും അതിനൊപ്പം വയോജനങ്ങൾ ആഗ്രഹിക്കുന്ന സ്നേഹവും സാന്ത്വനവും ലഭിക്കണമെങ്കിൽ അവരുടെ കുടുംബാംഗങ്ങൾ തന്നെ വിചാരിക്കണമെന്നതാണ് സമിതിയുടെ അഭിപ്രായം. വൃദ്ധജനങ്ങളുടെ മാനസിക സംഘർഷങ്ങൾക്ക് പരിഹാരം കാണുന്നതിനായി സാമൂഹ്യക്ഷേമ വകുപ്പിന്റെയും ത്രിതല പഞ്ചായത്തുകളുടെയും ആഭിമുഖ്യത്തിൽ പരിശീലന പരിപാടികൾ നടപ്പാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

17. സാമ്പത്തിക ഭദ്രതയുള്ള വൃദ്ധരായ ദമ്പതികൾ മാത്രം കഴിയുന്ന വീടുകളിൽ കവർച്ച, കൊലപാതകം എന്നിവ സമീപകാലത്ത് വർദ്ധിച്ചുവരുന്നതായാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. അത്തരം കുടുംബങ്ങളുടെ സുരക്ഷ ഉറപ്പാക്കണമെന്നും അത്തരം കുടുംബങ്ങളിലെ മുതിർന്നവർക്കായി പെയ്ഡ് ഓൾഡ് ഏജ് ഹോമുകൾ സ്ഥാപിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

18. മെയിന്റനൻസ് ആന്റ് വെൽഫെയർ ഓഫ് പേരന്റ്സ് ആന്റ് സീനിയർ സിറ്റിസൺസ് ആക്ട് 2007, റൂൾസ് 2009 പ്രകാരം ഓരോ ജില്ലയിലും വൃദ്ധജനങ്ങളുടെ പരാതികൾ കൈകാര്യം ചെയ്യുന്നതിന് മെയിന്റനൻസ് ട്രിബ്യൂണൽ ഓഫീസറായി നിയമിച്ചിരിക്കുന്നത് ആർ.ഡി.ഒ.മാരെയാണ്. ജില്ലാ ആസ്ഥാനത്ത് പ്രവർത്തിക്കുന്ന ആർ.ഡി.ഒ. മുമ്പാകെ അപേക്ഷ നൽകി പ്രശ്നപരിഹാരം കാണുക എന്നത് യാത്ര ചെയ്യുന്നതിനും മറ്റും ക്ലേശം അനുഭവിക്കുന്ന വൃദ്ധജനങ്ങളെ സംബന്ധിച്ചിടത്തോളം ദുഷ്കരമാകയാൽ ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ ബി.ഡി.ഒ.മാരെ മെയിന്റനൻസ് ട്രിബ്യൂണൽ ഓഫീസർമാരായി നിയമിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

19. മുതിർന്ന പൗരൻമാരെ സംബന്ധിക്കുന്ന കേസുകൾ തീർപ്പാക്കുന്നതിന് കാലതാമസം നേരിടുന്ന ഇന്നത്തെ അവസ്ഥ ഒഴിവാക്കുന്നതിനായി മുതിർന്ന പൗരൻമാർ വാദിയായോ, പ്രതിയായോ വരുന്ന കേസുകൾ സമയബന്ധിതമായി തീർപ്പ് കൽപ്പിക്കാൻ കുടുംബ കോടതി, സ്പീഡ് ട്രാക്ക് കോടതി എന്നിവ പോലെ ഓരോ ജില്ലയിലും പ്രത്യേകമായി സീനിയർ സിറ്റിസൺസ് കോർട്ട് രൂപീകരിക്കണമെന്ന് സമിതി സർക്കാരിനോട് ശുപാർശ ചെയ്യുന്നു.

20. നിലവിലെ സാമൂഹ്യവ്യവസ്ഥയിൽ ഒറ്റപ്പെടുന്ന മുതിർന്ന പൗരൻമാരിൽ അധികവും സ്ത്രീകളാണെന്ന് സമിതി മനസ്സിലാക്കുന്നു. ഭർത്താവ് മരിക്കുന്നതോടെ ഒറ്റപ്പെടുന്ന ഇവരുടെ പിന്നീടുള്ള ജീവിതം അവഗണനയുടേതാകുന്നു. ആയതിനാൽ വിധവകളും അവിവാഹിതകളുമായ മുതിർന്ന പൗരൻമാരുടെ ജീവിത സംരക്ഷണം ഉറപ്പുവരുത്തേണ്ടത് ഒരു ജനകീയ സർക്കാരിന്റെ ചുമതലയായി കണ്ട് സാമൂഹ്യക്ഷേമ വകുപ്പിന് കീഴിൽ 'ഓൾഡ് ഏജ് വിമൻസ് ഹോം' തുടങ്ങണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

21. വയോജനങ്ങൾക്ക് സ്വാഭാവികമായി ഉണ്ടായേക്കാവുന്ന മാനസിക മുരടിപ്പ് അകറ്റുന്നതിനും അവരിലെ ക്രിയാത്മകശേഷി വർദ്ധിപ്പിക്കുന്നതിനുമായി ശാരീരിക, മാനസിക ആരോഗ്യമുള്ള വൃദ്ധജനങ്ങളുടെ ഒഴിവുസമയങ്ങൾ ചെലവഴിക്കാൻ പഞ്ചായത്തുകൾ തോറും വൃദ്ധജനങ്ങൾക്കായി റിക്രിയേഷൻ കേന്ദ്രങ്ങൾ, വായന ശാലകൾ തുടങ്ങിയവ ആരംഭിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

22. ബസ്സുകളിൽ ചവിട്ടുപടികളുടെ ഉയരക്കൂടുതൽ കാരണം മുതിർന്ന പൗരൻമാർക്ക് ബസ് യാത്ര ദുരിതപൂർണ്ണമാണെന്ന് സമിതിക്ക് ലഭിച്ച വളരെയേറെ പരാതികളിൽ ചൂണ്ടിക്കാട്ടപ്പെടുകയുണ്ടായി. ആയതിനാൽ ബസ്സുകളിൽ വൃദ്ധജന ങ്ങൾക്ക് കയറുവാനും ഇറങ്ങുവാനും സൗകര്യപ്രദമാകുന്ന രീതിയിൽ ചവിട്ടുപടി കളുടെ ഉയരം ക്രമീകരിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കണമെന്നും ഇക്കാര്യത്തിൽ ഗതാഗതവകുപ്പ് അടിയന്തിര ശ്രദ്ധ പതിപ്പിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

2011 ഒക്ടോബർ മുതൽ 2012 മേയ് വരെയുള്ള കാലയളവിൽ സർക്കാരിൽ നിന്നും ലഭ്യമായ മറുപടികളിൽ നിന്നും പരാതികളിൽ പരിഹാരം കണ്ടെത്തി എന്ന് ഉറപ്പുവരുത്തിയതിന്റെ അടിസ്ഥാനത്തിൽ ഫയൽ നടപടികൾ അവസാനിപ്പിച്ച ഹർജികൾ സംബന്ധിച്ച സ്റ്റേറ്റ്മെന്റ് അനുബന്ധം I-ലും, സർക്കാരിൽ നിന്നും മറുപടി ലഭ്യമാകാത്തതിനാൽ പരിഹൃതമാകാത്ത ഹർജികൾ സംബന്ധിച്ച സ്റ്റേറ്റ്മെന്റ് അനുബന്ധം II-ലും ഉൾപ്പെടുത്തിയിരിക്കുന്നു. അനുബന്ധം II-ലെ ഹർജികൾ പരിശോധിച്ച് റിപ്പോർട്ടുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തണ മെന്ന് സമിതി നിർദ്ദേശിക്കുന്നു.

സമിതിയുടെ നിരന്തരമായ ഇടപെടൽമൂലം പരിഹരിക്കപ്പെട്ട ഹർജികളിൽ എടുത്തുപറയേണ്ട ഏതാനും ഹർജികളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

I. സമിതിയുടെ നിരന്തരമായ ഇടപെടൽമൂലം പരിഹരിച്ച ഏതാനും ഹർജി കളുടെ വിശദവിവരം

**സാമൂഹ്യക്ഷേമ വകുപ്പ്**

എൻഡോസൾഫാൻ ദുരിതബാധിതരുടെ ലിസ്റ്റിൽ ഉൾപ്പെടുത്തി ചികിത്സാ സഹായം ലഭിക്കുന്നതിനായി ശ്രീമതി. ശകുന്തള സമർപ്പിച്ച ഹർജി

(ഫയൽ നമ്പർ 12841/സി.ഡബ്ല്യു.എസ്.സി2/2011/ലെജി.)

സ്വന്തമായി സ്ഥലമോ വീടോ ഇല്ലാത്ത അവിവാഹിതയും ഇരുകൈകൾക്കും ഒരു കാലിനും സ്വാധീനവുമില്ലാത്ത 22 വർഷമായി ചികിത്സയിലിരിക്കുന്ന ഹർജി ക്കാരി എൻഡോസൾഫാൻ ക്യാമ്പുകളിൽ ചികിത്സ നടത്തിയിരുന്നെങ്കിലും എൻഡോ സൾഫാൻ ദുരിതബാധിതരുടെ ലിസ്റ്റിൽ പേരില്ലാത്തതിനാൽ ചികിത്സാ സഹായം ലഭിക്കുന്നില്ലെന്നും, ആയത് ലഭ്യമാക്കണമെന്നുമായിരുന്നു ഹർജിയിലെ ആവശ്യം.

ഹർജിക്കാരിയെ കാസർഗോഡ് ജില്ലാ കളക്ടറുടെ എൻഡോസൾഫാൻ രോഗ ബാധിതരുടെ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും ആയതിന്റെ അടിസ്ഥാനത്തിൽ 2010 ഡിസംബർ മാസം മുതൽ 2011 ഏപ്രിൽ വരെ പ്രതിമാസ സഹായമായി 2000 രൂപ വീതം ഇതിനകം നൽകിയിട്ടുണ്ടെന്നും സാമൂഹ്യക്ഷേമ വകുപ്പ് സമിതിയെ അറിയിച്ചു.

### തൊഴിലും പുനരധിവാസവും വകുപ്പ്

യഥാസമയം പെൻഷനും പെൻഷൻ കുടിശ്ശികയും ലഭിക്കുന്നതിനായി ശ്രീ. കെ.ഒ. മാത്യു സമർപ്പിച്ച ഹർജി

(ഫയൽ നമ്പർ 12009/സി.ഡബ്ല്യു.എസ്.സി2/2011/ലെജി.)

കേരള കള്ളു വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്, എറണാകുളം ജില്ലയിൽ നിന്നും പെൻഷൻ ലഭിച്ചുകൊണ്ടിരുന്ന ഹർജിക്കാരന് 2010 സെപ്തംബർ മാസം മുതൽ 2011 ജനുവരി വരെയുള്ള അഞ്ച് മാസക്കാലമായി പെൻഷൻ ലഭിക്കുന്നില്ലെന്നും ആയത് ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കണമെന്നതുമായിരുന്നു ഹർജിയിലെ ആവശ്യം.

ഹർജിവിഷയത്തിന്മേൽ തൊഴിലും പുനരധിവാസവും വകുപ്പിൽ നിന്നും ലഭിച്ച റിപ്പോർട്ടിൽ ഹർജിക്കാരന് 2011 മാർച്ച് മാസം വരെയുള്ള പെൻഷൻ വിതരണം ചെയ്തിട്ടുണ്ടെന്ന് സമിതിയെ അറിയിച്ചു.

### ഗതാഗത വകുപ്പ്

മുതിർന്ന പൗരൻമാർക്ക് അനുവദിച്ച സീറ്റുകൾ അവർക്ക് തന്നെ ലഭിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. യു. ദാമോദരൻ മാസ്റ്റർ സമർപ്പിച്ച ഹർജി

(ഫയൽ നമ്പർ 17410/സി.ഡബ്ല്യു.എസ്.സി1/2011/ലെജി.)

സർവ്വീസ് ബസ്സുകളിൽ മുതിർന്ന പൗരൻമാർക്ക് അനുവദിച്ച സീറ്റുകൾ അവർക്കുതന്നെ ലഭിക്കുന്നതിനായി ബസ് കണ്ടക്ടർ ഇടപെടണമെന്നും റീജണൽ ട്രാൻസ്പോർട്ട് കമ്മീഷണർ ഇതു സംബന്ധിച്ച് പരസ്യ പ്രസ്താവന നൽകണമെന്നതായിരുന്നു ഹർജിയിലെ ആവശ്യം.

വയോജനങ്ങൾക്കായി സംവരണം ചെയ്തിരിക്കുന്ന സീറ്റുകൾ അവർക്കുതന്നെ ലഭ്യമാക്കുവാൻ ബസ്സിലെ കണ്ടക്ടർ ബാധ്യസ്ഥനാണെന്നും എന്നാൽ ഇത് സംബന്ധിച്ച് നിരവധി പരാതികൾ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ഇതിൽ വീഴ്ച വരുത്തുന്ന ജീവനക്കാർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുവാൻ എല്ലാ ആർ.ടി.ഒ./ജോയിന്റ് ആർ.ടി.ഒ.മാർക്കും നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ഇത് സംബന്ധിച്ച പരാതി ബസ്സിന്റെ നമ്പരും റൂട്ടും തീയതിയും സഹിതം ബന്ധപ്പെട്ട ആർ.ടി.ഒ.യ്ക്ക് നൽകിയാൽ ഉചിത നടപടി സ്വീകരിക്കുന്നതാണെന്നും മുതിർന്ന പൗരൻമാർക്കായി സംവരണം ചെയ്ത സീറ്റുകൾ ടി വിഭാഗങ്ങൾക്ക് തന്നെ ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താനും ടി സീറ്റുകൾ പെട്ടെന്ന് തിരിച്ചറിയത്തക്കവിധത്തിൽ വ്യക്തമായി രേഖപ്പെടുത്താനും യൂണിറ്റധികാരികൾക്കും ജീവനക്കാർക്കും നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ഗതാഗത വകുപ്പ് സമിതിയെ അറിയിച്ചു.

**ആഭ്യന്തര വകുപ്പ്**

വില സമ്മതിച്ച് ആധാരം എഴുതിയ ശേഷം സമ്മതിച്ച തുക കൊടുക്കുന്നില്ലെന്ന് പരാതിപ്പെട്ട് ശ്രീമതി. തങ്കമ്മ സമർപ്പിച്ച ഹർജി

(ഫയൽ നമ്പർ 12768/സി.ഡബ്ല്യു.എസ്.സി2/2011/ലെജി.)

സ്വന്തം പേരിലുണ്ടായിരുന്ന 4 സെന്റ് ഭൂമി 20,000 രൂപ വില സമ്മതിച്ച് എതിർകക്ഷിക്ക് എഴുതിയശേഷം എതിർകക്ഷി മറിച്ചു വില്പന നടത്തിയെന്നും കൊല്ലം വൃദ്ധസദനത്തിലെ അന്തേവാസിയായ ഹർജിക്കാരിക്ക് സമ്മതിച്ച തുക കൊടുത്തില്ലെന്നുമായിരുന്നു പരാതിവിഷയം.

ഹർജിവിഷയത്തിന്മേൽ ആഭ്യന്തര വകുപ്പിൽ നിന്നും ലഭിച്ച റിപ്പോർട്ടിൽ എതിർകക്ഷി പരാതിക്കാരിയുടെ പേരിൽ സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യയിൽ അക്കൗണ്ട് തുടങ്ങി പാസ്ബുക്ക് പരാതിക്കാരിയെ ഏൽപ്പിച്ചതായി സമിതിയെ അറിയിച്ചു.

ഗവൺമെന്റിൽ നിന്നും ലഭിച്ച റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ നടപടി അവസാനിപ്പിച്ച ഫയലുകൾ അനുബന്ധം I ആയും സമിതിയുടെ പരിഗണനയിലുള്ള ഫയലുകൾ അനുബന്ധം II ആയും റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

അനുബന്ധം I

## ഗവൺമെന്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടി അവസാനിപ്പിച്ച ഹർജികൾ സംബന്ധിച്ച സ്റ്റേറ്റ്മെന്റ്

| ക്രമ നമ്പർ | ഹർജി വിഷയവും ഹർജിക്കാരന്റെ പേരും | ഫയൽ നമ്പർ |
|---|---|---|
| (1) | (2) | (3) |
| 1 | ഭൂമി റീസർവ്വേ നടത്തിക്കിട്ടുന്നതിനായി ശ്രീ. വി. എസ്. ബാലശങ്കരൻ സമർപ്പിച്ച ഹർജി | 13768/സി.ഡബ്ല്യു.എസ്.സി2/11/ലെജി. |
| 2 | യഥാസമയം പെൻഷനും പെൻഷൻ കുടിശ്ശികയും ലഭിക്കുന്നതിനായി ശ്രീ. കെ. ഒ. മാത്യു സമർപ്പിച്ച ഹർജി | 12009/സി.ഡബ്ല്യു.എസ്.സി2/11/ലെജി. |
| 3 | വീടിനു മുകളിലത്തെ നിലയിലെ വൈദ്യുതി കണക്ഷൻ ഗാർഹിക ആവശ്യ പരിധിയിൽ ഉൾപ്പെടുത്തുന്നതിനായി ശ്രീ. ടി. എൻ. ഭാസ്ക്കരൻ നായർ സമർപ്പിച്ച ഹർജി | 12257/സി.ഡബ്ല്യു.എസ്.സി2/11/ലെജി. |
| 4 | എൻഡോസൾഫാൻ ദുരിതബാധിതരുടെ ലിസ്റ്റിൽ ഉൾപ്പെടുത്തി ചികിത്സാ സഹായം ലഭിക്കുന്നതിനായി ശ്രീമതി ശകുന്തള സമർപ്പിച്ച ഹർജി | 12841/സി.ഡബ്ല്യു.എസ്.സി2/11/ലെജി. |
| 5 | ഭവന നിർമ്മാണ ബോർഡിൽ നിന്നെടുത്ത ലോൺ എഴുതിത്തള്ളി ആധാരം തിരികെ ലഭിക്കുന്നതിനായി ശ്രീ. മംഗലശ്ശേരി വേലായുധൻ സമർപ്പിച്ച ഹർജി | 11936/സി.ഡബ്ല്യു.എസ്.സി2/11/ലെജി. |
| 6 | സീനിയോറിറ്റി മുൻകാല പ്രാബല്യത്തോടെ പുനരാവിഷ്കരിക്കുന്നതിനായി ശ്രീ. കെ. എം. വിശ്വംഭരൻ സമർപ്പിച്ച ഹർജി | 12536/സി.ഡബ്ല്യു.എസ്.സി2/11/ലെജി. |
| 7 | പെൻഷൻ തുക കാലാനുസൃതമായി വർദ്ധിപ്പിക്കുന്നതിനായി ശ്രീ. ടി. എ. ആന്റണി സമർപ്പിച്ച ഹർജി | 11949/സി.ഡബ്ല്യു.എസ്.സി2/11/ലെജി. |
| 8 | കേരള സ്വാതന്ത്ര്യസമര സേനാനി പെൻഷൻ അനുവദിച്ച് നൽകണമെന്നാവശ്യപ്പെട്ട് ശ്രീ. കെ. എസ്. ഗോപി സമർപ്പിച്ച ഹർജി | 11521/സി.ഡബ്ല്യു.എസ്.സി1/11/ലെജി. |

| (1) | (2) | (3) |
|---|---|---|
| 9 | കെ.എസ്.ഐ.ഡി.സി. മുഖാന്തിരം ഓണത്തിന് തൊഴിലാളികൾക്ക് നൽകിയ 5,000 രൂപ പൂട്ടിക്കിടക്കുന്ന അലിൻഡിലെ തൊഴിലാളികൾക്കും ലഭിക്കുന്നതിനായി ശ്രീ. കെ. എസ്. വിശ്വനാഥൻ നായർ സമർപ്പിച്ച ഹർജി | 11695/സി.ഡബ്ല്യു.എസ്.സി1/11/ലെജി. |
| 10 | ഭാര്യയും മക്കളും ബന്ധുക്കളും ചേർന്ന് പീഡിപ്പിക്കുന്നത് സംബന്ധിച്ച് ശ്രീ. കെ. ടി. എബ്രഹാം സമർപ്പിച്ച ഹർജി | 11674/സി.ഡബ്ല്യു.എസ്.സി1/11/ലെജി. |
| 11 | സമാധാനത്തോടെ ജീവിക്കാനുള്ള സാഹചര്യം ഒരുക്കണമെന്നാവശ്യപ്പെട്ട് ശ്രീ. ഇ. എം. ശങ്കരൻകുട്ടി മാരാർ സമർപ്പിച്ച ഹർജി | 11645/സി.ഡബ്ല്യു.എസ്.സി1/11/ലെജി. |
| 12 | മുതിർന്ന പൗരൻമാർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങളെ സംബന്ധിച്ചുള്ള വിശദവിവരം അറിയുന്നതിനായി ശ്രീ. പി. ടി. ഭാസ്ക്കരൻ സമർപ്പിച്ച ഹർജി | 11682/സി.ഡബ്ല്യു.എസ്.സി1/11/ലെജി. |
| 13 | മകൻ ഉപദ്രവിക്കുന്നത് സംബന്ധിച്ച് ശ്രീ. എ. ഗ്രേഷ്യോ സമർപ്പിച്ച ഹർജി | 11747/സി.ഡബ്ല്യു.എസ്.സി1/11/ലെജി. |
| 14 | വസ്തുകയ്യേറ്റം, അതിക്രമം തുടങ്ങിയവയിൽ നിന്നും സംരക്ഷണം ആവശ്യപ്പെട്ട് ശ്രീ. കെ. ജെ. ജോർജ് സമർപ്പിച്ച ഹർജി | 13268/സി.ഡബ്ല്യു.എസ്.സി1/11/ലെജി. |
| 15 | നഷ്ടപ്പെട്ട വീടും പറമ്പും തിരികെ ലഭിക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീ. പി. എ. സദാശിവൻ സമർപ്പിച്ച ഹർജി | 11694/സി.ഡബ്ല്യു.എസ്.സി1/11/ലെജി. |
| 16 | മൊബൈൽ ടവർ സ്ഥാപിക്കുവാൻ സ്ഥലം നൽകിയ നടപടി എതിർത്തതിന് അയൽവാസി പീഡിപ്പിക്കുന്നതായി പരാതിപ്പെട്ട് ശ്രീ. ടി. എസ്. ഭാസ്ക്കരൻ സമർപ്പിച്ച ഹർജി | 11703/സി.ഡബ്ല്യു.എസ്.സി1/11/ലെജി. |

| (1) | (2) | (3) |
|---|---|---|
| 17 | വസ്തു വിൽക്കുന്നതിനുള്ള സാഹചര്യമുണ്ടാക്കുന്നതിനും, ഭാര്യയുടെയും മക്കളുടെയും പേരുകൾ റേഷൻ കാർഡിൽ നിന്നും നീക്കുന്നതിനുമായി ശ്രീ. നാരായണൻ നായർ സമർപ്പിച്ച ഹർജി | 11955/സി.ഡബ്ല്യു.എസ്.സി2/11/ലെജി. |
| 18 | ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള തനിക്കും കുടുംബത്തിനും സാമ്പത്തിക സഹായം ലഭ്യമാക്കണമെന്ന് അഭ്യർത്ഥിച്ച് ശ്രീ. എ. പി. ശങ്കരൻ സമർപ്പിച്ച ഹർജി | 11646/സി.ഡബ്ല്യു.എസ്.സി1/11/ലെജി. |
| 19 | ചുറ്റുമതിൽ നിർമ്മിക്കുന്നതിന് തടയുകയും, തനിക്കെതിരെ ഏകപക്ഷീയമായി അന്വേഷണ റിപ്പോർട്ട് തയ്യാറാക്കി കളക്ടർക്ക് സമർപ്പിക്കുകയും ചെയ്തതിനെതിരെ ശ്രീ. പി. കേളു സമർപ്പിച്ച ഹർജി | 11704/സി.ഡബ്ല്യു.എസ്.സി1/11/ലെജി. |
| 20 | നോട്ട് ബുക്ക് നിർമ്മാണത്തിന് ലോൺ ലഭിക്കുന്നതിനായി ശ്രീ. എൻ. ക്രിസ്റ്റൽ ജോൺ സമർപ്പിച്ച ഹർജി | 11707/സി.ഡബ്ല്യു.എസ്.സി1/11/ലെജി. |
| 21 | വസ്തുവകകളിൽ നാശനഷ്ടം ഉണ്ടാക്കുന്നതായി പരാതിപ്പെട്ട് ശ്രീ. കെ. എൻ. രവീന്ദ്രനാഥ് സമർപ്പിച്ച ഹർജി | 11862/സി.ഡബ്ല്യു.എസ്.സി2/11/ലെജി. |
| 22 | സ്വൈരജീവിതം നയിക്കാനുള്ള സാഹചര്യമൊരുക്കണമെന്നാവശ്യപ്പെട്ട് ശ്രീ. ഭാസ്ക്കരൻ നായർ സമർപ്പിച്ച ഹർജി | 12627/സി.ഡബ്ല്യു.എസ്.സി2/11/ലെജി. |
| 23 | ധനസഹായം ലഭിക്കുന്നതിനായി ശ്രീ. എൻ. സുന്ദരൻ സമർപ്പിച്ച ഹർജി | 11876/സി.ഡബ്ല്യു.എസ്.സി2/11/ലെജി. |
| 24 | പെൻഷനും മറ്റാനുകൂല്യങ്ങളും ലഭിക്കുന്നതിനായി ശ്രീ. രാമചന്ദ്രൻ, ടി. സി. സമർപ്പിച്ച ഹർജി | 12663/സി.ഡബ്ല്യു.എസ്.സി2/11/ലെജി. |
| 25 | വില സമ്മതിച്ച് ആധാരം എഴുതിയതിന് ശേഷം സമ്മതിച്ച തുക കൊടുക്കുന്നില്ലെന്ന് പരാതിപ്പെട്ട് ശ്രീമതി തങ്കമ്മ സമർപ്പിച്ച ഹർജി | 12768/സി.ഡബ്ല്യു.എസ്.സി2/11/ലെജി. |

| (1) | (2) | (3) |
|---|---|---|
| 26 | വൃദ്ധസദനങ്ങളെക്കുറിച്ചുള്ള വിവരമന്വേഷിച്ച് ശ്രീ. പി. വി. പത്മനാഭൻ സമർപ്പിച്ച ഹർജി | 11946/സി.ഡബ്ല്യു.എസ്.സി2/11/ലെജി. |
| 27 | വാർദ്ധക്യകാല പെൻഷൻ 1000 രൂപ ആക്കി വർദ്ധിപ്പിക്കണമെന്നും കെ. എസ്. ആർ.ടി.സി. ബസ്സുകളിൽ മുതിർന്ന പൗരൻമാർക്ക് ആനുകൂല്യങ്ങൾ അനുവദിക്കണമെന്നും ആവശ്യപ്പെട്ട് തച്ചോട്ട് കാവ് റസിഡൻസ് അസോസിയേഷൻ സെക്രട്ടറി സമർപ്പിച്ച ഹർജി | 14371/സി.ഡബ്ല്യു.എസ്.സി1/11/ലെജി. |
| 28 | പെൻഷൻ വർദ്ധനവ് ലഭിക്കുന്നതിനും ട്രഷറി നിക്ഷേപത്തിനുള്ള പലിശ പുനഃസ്ഥാപിച്ചുകിട്ടുന്നതിനുമായി ശ്രീ. പി. വി. കരുണാകരൻ സമർപ്പിച്ച ഹർജി | 11685/സി.ഡബ്ല്യു.എസ്.സി1/11/ലെജി. |
| 29 | വസ്തു ലേലം ഒഴിവാക്കി കടവും പലിശയും എഴുതി തള്ളുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനായി ശ്രീ. സുധർമ്മൻ, പി. എം. സമർപ്പിച്ച ഹർജി | 11705/സി.ഡബ്ല്യു.എസ്.സി1/11/ലെജി. |
| 30 | മകൻ സംരക്ഷിക്കുന്നില്ലെന്ന് പരാതിപ്പെട്ട് ശ്രീമതി മീനാക്ഷിയമ്മ സമർപ്പിച്ച ഹർജി | 11688/സി.ഡബ്ല്യു.എസ്.സി1/11/ലെജി. |
| 31 | നോൺ ജേർണലിസ്റ്റുകാരായ പത്രപ്രവർത്തകർക്ക് പെൻഷൻ ലഭിക്കുന്നതിനായി ശ്രീ. മാധവൻ, കെ. സമർപ്പിച്ച ഹർജി | 12226/സി.ഡബ്ല്യു.എസ്.സി2/11/ലെജി. |
| 32 | ജീവനും സ്വത്തിനും സംരക്ഷണം നൽകണമെന്നാവശ്യപ്പെട്ട് ശ്രീ. രാജയ്യൻ നാടാർ സമർപ്പിച്ച ഹർജി | 16514/സി.ഡബ്ല്യു.എസ്.സി1/11/ലെജി. |
| 33 | സർവ്വീസ് പെൻഷനും ആശ്രിത നിയമനവും ആവശ്യപ്പെട്ട് ശ്രീമതി അംബിക പി. നായർ സമർപ്പിച്ച ഹർജി | 11961/സി.ഡബ്ല്യു.എസ്.സി2/11/ലെജി. |
| 34 | സ്വാശ്രയ പെൻഷൻ ക്ഷാമബത്തയുമായി സംയോജിപ്പിച്ച് നൽകണമെന്നാവശ്യപ്പെട്ട് ശ്രീ. നാണു സമർപ്പിച്ച ഹർജി | 11687/സി.ഡബ്ല്യു.എസ്.സി1/11/ലെജി. |

| (1) | (2) | (3) |
|---|---|---|
| 35 | സർവ്വീസ് ബസ്സുകളിൽ മുതിർന്ന പൗരൻമാർക്കുള്ള സീറ്റ് ലഭിക്കുന്നതിന് നടപടി ആവശ്യപ്പെട്ട് ശ്രീ. യു. ദാമോദരൻ മാസ്റ്റർ സമർപ്പിച്ച ഹർജി | 17410/സി.ഡബ്ല്യു.എസ്.സി1/11/ലെജി. |
| 36 | ജീവിക്കാൻ മറ്റു മാർഗ്ഗമില്ലാത്തതിനാൽ സർക്കാരിന്റെ ക്ഷേമപദ്ധതി പ്രകാരമുള്ള ആനുകൂല്യം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ശ്രീ. കെ. പി. കൃഷ്ണയ്യർ സമർപ്പിച്ച ഹർജി | 11752/സി.ഡബ്ല്യു.എസ്.സി1/11/ലെജി. |
| 37 | പെൻഷൻ ലഭിക്കുന്നതിനായി ശ്രീ. കെ. കൃഷ്ണൻ സമർപ്പിച്ച ഹർജി | 11953/സി.ഡബ്ല്യു.എസ്.സി2/11/ലെജി. |
| 38 | കാഷ്യു കോർപ്പറേഷൻ തൊഴിലാളി ആയിരുന്ന തനിക്ക് പെൻഷൻ ലഭിക്കുന്നതിനായി ശ്രീമതി രാജമ്മ സമർപ്പിച്ച ഹർജി | 12766/സി.ഡബ്ല്യു.എസ്.സി2/11/ലെജി. |
| 39 | മറ്റ് മക്കളിൽ നിന്നും അമ്മയുടെ ചെലവിനുള്ള പണം ലഭിക്കുന്നതിനായി ശ്രീ. കെ.ജി. ശശിധരൻ സമർപ്പിച്ച ഹർജി | 11859/സി.ഡബ്ല്യു.എസ്.സി1/11/ലെജി. |
| 40. | വൃദ്ധമാതാപിതാക്കൾ സംരക്ഷിക്കപ്പെടുന്നതിനുള്ള നിയമ പരിരക്ഷ ലഭിക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി ലീലാകുമാരി സമർപ്പിച്ച ഹർജി | 11957/സി.ഡബ്ല്യു.എസ്.സി1/11/ലെജി. |

അനുബന്ധം II

## സമിതിയുടെ പരിഗണനയിലുള്ള ഫയലുകൾ

| ക്രമ നമ്പർ | ഹർജി വിഷയവും ഹർജി ക്കാരന്റെ പേരും | ഫയൽ നമ്പർ | റഫറൻസ് നമ്പർ |
|---|---|---|---|
| (1) | (2) | (3) | (4) |
| | **സാമൂഹ്യക്ഷേമ വകുപ്പ്** | | |
| 1 | വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് ശ്രീ. കാരാത്ത് ബാലൻ | 11861/CWSC.2/11/Leg. | 2727/C3/11/ സാ.ക്ഷേ.വ. തീയതി18-3-2011 |
| 2 | സമിതിയുടെ പ്രഥമ റിപ്പോർട്ടിലെ ശുപാർശകളിന്മേലുള്ള നടപടി സംബന്ധിച്ച് | 12387/CWSC.2/11/Leg. | -- |
| 3 | ഭർത്താവിന്റെ പേരിലുള്ള സ്വത്ത് അവകാശികളുടെ സമ്മതമില്ലാതെ കൈമാറ്റം ചെയ്തെന്നാരോപിച്ച് ശ്രീമതി മാധവി | 12482/CWSC.2/11/Leg. | 3268/C3/11/ സാ.ക്ഷേ.വ. തീയതി 2-4-2011 |
| 4 | മകളും മകനും ദേഹോപദ്രവം ഏൽപ്പിക്കുന്നുവെന്നും ബാങ്കിലെ ഫിക്സഡ് ഡിപ്പോസിറ്റ് രസീത് കൈവശപ്പെടുത്തിയെന്നുമാരോപിച്ച് ശ്രീമതി പുഷ്പവല്ലി | 12662/CWSC.2/11/Leg. | 3634/C3/11/ സാ.ക്ഷേ.വ. തീയതി 23-4-2011 |
| 5 | മുതിർന്ന പൗരൻമാരുടെ വിവിധ ക്ഷേമപദ്ധതികൾ സംബന്ധിച്ച വിവരശേഖരണം | 16957/CWSC.2/11/Leg. | 13740/C3/11/ സാ.ക്ഷേ.വ. തീയതി 19-12-2011 |
| 6 | എല്ലാ വിഭാഗത്തിലുള്ള പെൻഷൻ കാർക്കും തുല്യതുക ലഭിക്കുന്ന തിനായി ശ്രീ. കെ. എം. രാമദാസ് | 17151/CWSC.2/11/Leg. | 460/C1/12/ സാ.ക്ഷേ.വ. തീയതി 13-1-2012 |
| 7 | വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് ശ്രീ. ടി. എ. ഷംസുദ്ദീൻ ഹാജി | 11733/CWSC.2/12/Leg. | 3669/C3/12/ സാ.ക്ഷേ.വ. തീയതി 13-3-2012 |
| 8 | ചാക്ക വൃദ്ധസദന സന്ദർശന ത്തോടനുബന്ധിച്ച സമിതി ശുപാ ർശകളിന്മേൽ നടപടി സ്വീകരിക്കു ന്നത് സംബന്ധിച്ച് | 12589/CWSC.2/12/Leg. | 3401/C3/12/ സാ.ക്ഷേ.വ. തീയതി 6-3-2012 |

| (1) | (2) | (3) | (4) |
|---|---|---|---|
| 9 | മുതിർന്ന പൗരന്മാരുടെ നിരവധി ആവശ്യങ്ങൾ ഉന്നയിച്ച് ശ്രീ. കെ. ഗംഗാധരകുറുപ്പ് | 11690/CWSC.1/11/Leg. | 2728/C3/11/ സാ.ക്ഷേ.വ. തീയതി 18-3-2011 |
| 10 | മുതിർന്ന പൗരന്മാർക്കുള്ള നിരവധി ആനുകൂലൃങ്ങൾ സംബന്ധിച്ച വിവരം ലഭ്യമാക്കണമെന്നും രക്ഷാ സേനയിൽ നിന്നും പിരിഞ്ഞവർക്ക് പെൻഷൻ അനുവദിക്കുക, സൈനി കരുടെ കണക്ക് ഇ.സി.ഡി.എച്ച് പോളി ക്ലിനിക്കുവഴി തയ്യാറാക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ച് ശ്രീ. കെ. കൃഷ്ണൻകുട്ടി | 11754/CWSC.1/11/Leg. | 2721/C3/11/ സാ.ക്ഷേ.വ. തീയതി 12-12-2011 |
| 11 | ചെലവിന് നൽകാൻ ആർ.ഡി.ഒ. വിധിച്ച തുക മകൻ നൽകുന്നില്ലെന്ന് പരാതിപ്പെട്ട് ശ്രീ. വി. എം. ശങ്കരൻ | 13941/CWSC.1/11/Leg. | 5241/C3/11/ സാ.ക്ഷേ.വ. തീയതി 28-6-2011 |
| 12 | മാറിയ കാലഘട്ടത്തിൽ കേരള ത്തിലെ മുതിർന്ന പൗരന്മാരുടെ ക്ഷേമത്തിന് അനിവാര്യമായ ഒരു സാമൂഹ്യക്ഷേമ പദ്ധതി ആവിഷ് ക്കരിക്കുന്നത് സംബന്ധിച്ച നിർദ്ദേ ശങ്ങളുമായി ശ്രീ. പി.വി.എസ്. പിള്ള | 14489/CWSC.1/11/Leg. | 12522/C3/11/ സാ.ക്ഷേ.വ. തീയതി 23-11-2011 |
| | **റവന്യൂ വകുപ്പ്** | | |
| 1 | പെൻഷൻ ലഭിക്കുന്നതിനായി ശ്രീ. എൻ. അനന്തൻപിള്ള | 11863/CWSC.2/11/Leg. | 16803/ദേവ.2/11/ ആർ.ഡി. തീയതി 26-3-2011 |
| 2 | സഹോദരപുത്രന്റെ ദ്രോഹപ്രവൃ ത്തികളിൽ നിന്ന് രക്ഷിക്കണ മെന്നഭ്യർത്ഥിച്ച് ശ്രീ. അഗസ്റ്റിൻ | 12288/CWSC.2/11/Leg. | 28204/ജി.2/11/റവന്യൂ തീയതി 4-7-2011 |
| 3 | സഹോദരന്മാർ കൈവശപ്പെടുത്തിയ തറവാട്ടുസ്വത്ത് ലഭിക്കുന്നതിനായി ശ്രീമതി വി. കെ. രാജേശ്വരി | 12318/CWSC.2/11/Leg. | 22620/ജി.2/12/റവന്യൂ തീയതി 21-5-2012 |
| 4 | ഭാര്യയും മക്കളും ചേർന്ന് കൈക്ക ലാക്കിയ വീടും പറമ്പും തിരികെ ലഭിക്കുന്നതിനായി ശ്രീ. വി. അച്യുതൻ മാസ്റ്റർ | 12367/CWSC.2/11/Leg. | 3683/പി.എസ്/12 റവന്യൂ തീയതി 4-2-2012 |

| (1) | (2) | (3) | (4) |
|---|---|---|---|
| 5 | ഭർത്താവിന്റെ പേരിലുള്ള സ്വത്ത് അവകാശികളുടെ സമ്മതമില്ലാതെ കൈമാറ്റം ചെയ്തെന്നാരോപിച്ച് ശ്രീമതി മാധവി | 12482/CWSC.2/11/Leg. | 28499/ജി.2/11/ റവന്യൂ തീയതി 18-8-2011 |
| 6 | വീടിന് ഭീഷണിയായി നിൽക്കുന്ന മരം മുറിച്ചുമാറ്റുന്നതിനായി ശ്രീ. റോക്കി പി. സി. | 12606/CWSC.2/11/Leg. | 20571/ജി.2/11/റവന്യൂ തീയതി 2-5-2011 |
| 7 | വസ്തുവിന്റെ കരം സ്വീകരിക്കുന്നില്ലെന്ന് പരാതിപ്പെട്ട് ശ്രീ. ഗോപാലൻ നായർ | 12645/CWSC.2/11/Leg. | 23649/ജി.1/11/റവന്യൂ തീയതി 15-10-2011 |
| 8 | തണ്ടപ്പേർ രജിസ്റ്ററിൽ പേര് ഉൾപ്പെടുത്തുന്നതിനായി ശ്രീ. വി. നാരായണൻ നാടാർ | 13455/CWSC.2/11/Leg. | 24213/ഇ.3/11/ റവന്യൂ തീയതി 21-5-2011 |
| 9 | കുടുംബസ്വത്ത് അനധികൃതമായി വിൽക്കുന്നത് തടയണമെന്നാവശ്യപ്പെട്ട് ശ്രീ. രാജൻ തോമസ് | 14506/CWSC.2/11/Leg. | 33188/ജി.2/11/റവന്യൂ തീയതി 28-7-2011 |
| 10 | വസ്തു റീസർവ്വേയിലെ തെറ്റ് തിരുത്തികിട്ടുന്നതിനായി ശ്രീ. ആർ. പ്രഭാകരൻപിള്ള | 15321/CWSC.2/11/Leg. | 50094/ഇ.3/11/ആർ.ഡി. തീയതി 30-9-2011 |
| 11 | മാതാവിന്റെ പേരിലുള്ള സ്വത്തിൽ അവകാശപ്പെട്ട വിഹിതം ലഭിക്കുന്നതിനായി ശ്രീ. മുഹമ്മദ് ഷെരീഫ് | 16030/CWSC.2/11/Leg. | 68976/ജി.2/11/ റവന്യൂ തീയതി 6-12-2011 |
| 12 | മുതിർന്ന പൗരന്മാരുടെ വിവിധ ക്ഷേമപദ്ധതികൾ സംബന്ധിച്ച വിവരശേഖരണം | 16957/CWSC.2/11/Leg. | - |
| 13 | ഭൂമിയുടെ സംരക്ഷണത്തിന് അനുഭവപ്പെടുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിനായി ശ്രീ. പി.എ. കൃഷ്ണപൊതുവാൾ | 17490/CWSC.2/11/Leg. | 8622/എഫ്.1/12/ റവന്യൂ തീയതി 21-2-2012 |
| 14 | അയൽക്കാർ രേഖകളിൽ കൃത്രിമം കാട്ടി സ്വത്ത് തട്ടിയെടുക്കുകയും ഭീഷണിപ്പെടുത്തുകയും ചെയ്തതായി പരാതിപ്പെട്ട് ശ്രീ. കെ. മാധവൻ നായർ | 11524/CWSC.1/11/Leg. | 21183/ഇ.3/11/ റവന്യൂ തീയതി 17-5-2011 |

| (1) | (2) | (3) | (4) |
|---|---|---|---|
| 15 | പിണങ്ങിപ്പിരിഞ്ഞു നിൽക്കുന്ന ഭാര്യ വസ്തുവും വീടും അന്യായമായി കൈവശപ്പെടുത്തിയതിൽ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീ. അനന്തകൃഷ്ണൻ നായർ | 11708/CWSC.1/11/Leg. | 50003/ജി.2/11/ റവന്യൂ തീയതി 22-9-2011 |
| 16 | സഹോദരൻ കബളിപ്പിച്ച് കൈക്കലാക്കിയ വസ്തു തിരികെ ലഭിക്കുന്നതിനായി ശ്രീമതി സരസ്വതി ഉണ്ണികൃഷ്ണൻ | 11758/CWSC.1/11/Leg. | 10164/ജി.2/12/ റവന്യൂ തീയതി 16-2-2012 |
| 17 | അച്ഛന്റെ പേരിലുള്ള വസ്തുവിൽ തനിക്കവകാശപ്പെട്ട 17 സെന്റ് ഭൂമി വഴിസഹിതം ലഭിക്കുന്നതിനായി ശ്രീ. എ. കെ. കുട്ടൻ | 11760/CWSC.1/11/Leg. | 20959/ജി.2/11/ റവന്യൂ തീയതി 28-7-2011 |
| 18 | കരമടച്ചുവരുന്ന 75 സെന്റ് ഭൂമിയിൽ 36.5 സെന്റ് മാത്രമേ കൈവശമുള്ളൂവെന്നും ബാക്കിസ്ഥലത്തിന് കൈവശാവകാശ സർട്ടിഫിക്കറ്റ് ലഭിക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി കെ. പാറുക്കുട്ടി | 11761/CWSC.1/11/Leg. | 18895/എൽ.2/11/ റവന്യൂ തീയതി 4-4-2011 |
| 19 | പുരയിടത്തിന് ചുറ്റുമതിൽ കെട്ടാൻ എതിർകക്ഷി സമ്മതിക്കുന്നില്ലെന്ന് പരാതിപ്പെട്ട് ശ്രീമതി സ്നേഹപ്രഭ | 11766/CWSC.1/11/Leg. | 21585/11/റവന്യൂ തീയതി 2-5-2011 |
| 20 | അമ്പത് വർഷത്തിലധികമായി കൈവശം വച്ചിരിക്കുന്ന പുറമ്പോക്ക് ഭൂമി പതിച്ചുനൽകണമെന്ന് ആവശ്യപ്പെട്ട് ശ്രീമതി ഓമന, കെ. | 11767/CWSC.1/11/Leg. | 18103/യു1/11/ റവന്യൂ തീയതി 9-5-2011 |
| 21 | ഭൂമി അനധികൃതമായി കൈവശപ്പെടുത്തുകയും ഭീഷണിപ്പെടുത്തുകയും ചെയ്യുന്നുവെന്നാരോപിച്ച് ശ്രീ. ഗോപാലകൃഷ്ണൻ നായർ | 11857/CWSC.1/11/Leg. | — |
| 22 | വസ്തുവിലേക്കുള്ളവഴി പുനഃസ്ഥാപിച്ചുകിട്ടുന്നതിനായി ശ്രീമതി റ്റി. സരോജം | 11959/CWSC.1/11/Leg. | 46054/എഫ്.1/11/ റവന്യൂ തീയതി 23-9-2011 |

| (1) | (2) | (3) | (4) |
|---|---|---|---|
| 23 | മകൻ സ്വത്ത് കൈക്കലാക്കി വീട്ടിൽ നിന്നും പുറത്താക്കിയതായും തനിക്ക് ചെലവിന് നൽകാൻ ആർ.ഡി.ഒ. വിധിച്ച തുക മകൻ നൽകിയില്ല എന്നും പരാതിപ്പെട്ട് ശ്രീ. വി. എം. ശങ്കരൻ | 13941/CWSC.1/11/Leg. | 29009/ജി.2/11/ റവന്യൂ തീയതി 18-7-2011 |
| | **തദ്ദേശസ്വയംഭരണ വകുപ്പ്** | | |
| 1 | വാർദ്ധക്യകാല പെൻഷൻ ലഭിക്കുന്നതിനായി ശ്രീ. ജി. ജനാർദ്ദനൻപിള്ള | 11952/CWSC.2/11/Leg. | 17845/ഡി.സി.3/ 12/ത.സ്വ.ഭ.വ. തീയതി 9-2-2012 |
| 2 | ഭാര്യയും മക്കളും ചേർന്ന് കൈക്കലാക്കിയ വീടും പറമ്പും തിരികെ ലഭിക്കുന്നതിനായി ശ്രീ. വി. അച്യുതൻ മാസ്റ്റർ | 12367/CWSC.2/11/Leg. | 3499/ഡി.സി3/12/ ത.സ്വ.ഭ.വ. തീയതി 16-3-2012 |
| 3 | വീട് നിർമ്മിച്ചു കിട്ടുന്നതിനായി ശ്രീ. കെ. സുകുമാരൻ | 12368/CWSC.2/11/Leg. | 18049/ഡി.സി.3/ 11/ത.സ്വ.ഭ.വ. തീയതി 16-5-2011 |
| 4 | സമിതിയുടെ പ്രഥമ റിപ്പോർട്ടിലെ ശുപാർശകളിന്മേലുള്ള നടപടി സംബന്ധിച്ച് | 12387/CWSC.2/11/Leg. | — |
| 5 | വീടിനടുത്തുള്ള തോടിന്റെ സൈഡ് കെട്ടുന്നതിനായി ശ്രീമതി പി. ശാന്തകുമാരി | 12664/CWSC.2/11/Leg. | 24737/ഡി.സി.3/ 11/ത.സ്വ.ഭ.വ. തീയതി 2-11-2011 |
| 6 | വീട് പണിയാൻ സഹായമാവശ്യപ്പെട്ട് ശ്രീ. കെ. വി. ശ്രീകുമാർ. | 12665/CWSC.2/11/Leg. | — |
| 7 | പഞ്ചായത്തിൽ നിന്നും വീട്ടുനമ്പർ ലഭിക്കുന്നതിനായി ശ്രീ. ബാലചന്ദ്രൻ | 12839/CWSC.2/11/Leg. | 24910/ഡി.എ.3/11/ ത.സ്വ.ഭ.വ. തീയതി 8-6-2011 |
| 8 | പെൻഷൻ ലഭിക്കുന്നതിനായി ശ്രീ. വി. വി. ബാലൻ | 14322/CWSC.2/11/Leg. | 32267/ഡി.സി.3/ 11/ത.സ്വ.ഭ.വ. തീയതി 6-7-2011 |
| 9 | ഭവനനിർമ്മാണ സഹായം ലഭിക്കുന്നതിനായി ശ്രീ. സുന്ദരേശൻ ആശാരി | 14988/CWSC.2/11/Leg. | — |

| (1) | (2) | (3) | (4) |
|---|---|---|---|
| 10 | പഞ്ചായത്ത്ഭരണം മാറിയതോടുകൂടി മെഡിക്കൽ ക്യാമ്പ് നടക്കുന്നില്ലെന്ന് പരാതിപ്പെട്ട് ശ്രീ. സി. ഡി. ഗോപിനാഥൻപിള്ള | 16672/CWSC.2/11/Leg. | 66025/ഡി.എ.3/11/ത.സ്വ.ഭ.വ. തീയതി 26-11-2011 |
| 11 | മുതിർന്ന പൗരന്മാരുടെ വിവിധ ക്ഷേമപദ്ധതികൾ സംബന്ധിച്ച വിവരശേഖരണം | 16957/CWSC.2/11/Leg. | — |
| 12 | മണക്കാട് ഗേൾസ് സ്കൂളിന് സമീപമുള്ള കെ.എസ്.ഇ.ബി. പോസ്റ്റ് മാറ്റി സ്ഥാപിച്ച് റോഡ് ഗതാഗത യോഗ്യമാണമെന്നാവശ്യപ്പെട്ട് ശ്രീ. ആർ. പുരുഷോത്തമൻ | 11643/CWSC.1/11/Leg. | 43329/ഡി.സി.3/11/ത.സ്വ.ഭ.വ തീയതി 26-8-2011 |
| 13 | പഞ്ചായത്തിൽ നിന്നും സഹായം ലഭ്യമാക്കണമെന്ന് അഭ്യർത്ഥിച്ച് ശ്രീമതി ലളിതാഭായി | 11683/CWSC.1/11/Leg. | 14916/ഡി.സി.3/11/ത.സ്വ.ഭ.വ തീയതി 10-10-2011 |
| 14 | പാർട്ട് ടൈം ജോലിക്കാരിയായ ഭാര്യയുടെ വരുമാനം, റേഷൻകാർഡിൽ വെച്ചിട്ടുള്ളതിനാൽ ക്യാൻസർ രോഗിയായ ഹർജിക്കാരന് വാർദ്ധക്യകാലപെൻഷൻ ലഭിക്കുന്നില്ലെന്നും, കാർഡിൽനിന്നും ടിയാന്റെ പേര് വെട്ടി പുതിയ കാർഡ് ടിയാന് നൽകണമെന്നും ആവശ്യപ്പെട്ട് ശ്രീ. ചെറിയാൻ തോട്ടുങ്കൽ | 11691/CWSC.1/11/Leg. | 17528/ഡി.സി.3/11/ത.സ്വ.ഭ.വ തീയതി 7-4-2011 |
| 15 | പക്ഷാഘാതംമൂലം ശരീരം തളർന്ന തനിക്ക് നിത്യവൃത്തിക്കും ചികിത്സയ്ക്കും ആവശ്യമായ തുക പെൻഷനായി നൽകണമെന്ന് ആവശ്യപ്പെട്ട് ശ്രീ. കെ. ആർ. നാരായണപിള്ള | 11750/CWSC.1/11/Leg. | 17527/ഡി.സി.3/11/ത.സ്വ.ഭ.വ തീയതി 7-4-2011 |
| 16 | കേന്ദ്ര സംസ്ഥാന പെൻഷൻ ഒന്നും ലഭിക്കുന്നില്ലെന്നും, ഏതെങ്കിലും തരത്തിലുള്ള പെൻഷൻ അനുവദിക്കണമെന്നും ആവശ്യപ്പെട്ട് ശ്രീ. എച്ച്.എം. ഇബ്രാഹിം സേട്ട് | 11762/CWSC.1/11/Leg. | 17519/ഡി.സി.3/11/ത.സ്വ.ഭ.വ തീയതി 16-5-2011 |

| (1) | (2) | (3) | (4) |
|---|---|---|---|
| 17 | വാർദ്ധക്യകാല പെൻഷൻ മാസം തോറും ലഭിക്കുന്നതിന് നടപടി യുണ്ടാകണമെന്ന് ആവശ്യപ്പെട്ട് ശ്രീ. എം. സുകുമാരൻ | 11765/CWSC.1/11/Leg. | 17525/ഡി.സി.3/ 11/ത.സ്വ.ഭ.വ. തീയതി 4-5-2011 |
| 18 | നിലത്തെഴുത്താശാൻ സംഘടന യിലെ അംഗവും ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടയാളുമായ ശ്രീമതി ആനന്ദവല്ലിയമ്മ നിലത്തെ ഴുത്താശാൻമാർക്കുള്ള പെൻഷൻ അനുവദിക്കണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച ഹർജി | 11858/CWSC.1/11/Leg. | 28984/ഇ.പി.എ2/ 11/ത.സ്വ.ഭ.വ. തീയതി 22-10-2011 |
| 19 | ഫുൾപെൻഷൻ ലഭിക്കുന്നില്ലെന്ന് പരാതിപ്പെട്ട് ശ്രീ. എൻ. എം. ബാലകൃഷ്ണൻ | 11958/CWSC.1/11/Leg. | 22365/ഇ.യു.3/11/ ത.സ്വ.ഭ.വ. തീയതി 10-11-2011 |
| 20 | നിർധനയും ഭവനരഹിതയുമായ തനിക്ക് പാർപ്പിടം ലഭ്യമാക്കണ മെന്നാവശ്യപ്പെട്ട് ശ്രീമതി പാർവ്വതി അമ്മ | 15266/CWSC.1/11/Leg. | 44073/ഡി.ബി1/11/ ത.സ്വ.ഭ.വ. തീയതി 23-8-2011 |
| 21 | വാർദ്ധക്യകാല പെൻഷൻ ആവശ്യ പെട്ട് ചേർത്തല പാണാവള്ളി നിവാസികൾ | 16247/CWSC.1/11/Leg. | 68368/ഡി.സി.3/ 11/ത.സ്വ.ഭ.വ. തീയതി 9-2-2011 |
| 22 | വാർദ്ധക്യകാല പെൻഷൻ ലഭിക്കുന്ന തിനായി സമർപ്പിച്ച അപേക്ഷ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി പരിഗണി ക്കാത്തത് സംബന്ധിച്ച് ശ്രീ. ജോസഫ് മത്തായി | 14000/CWSC.1/11/Leg. | — |
| | **ആഭ്യന്തര വകുപ്പ്** | | |
| 1 | കള്ളക്കേസുണ്ടാക്കി പീഡിപ്പിക്കാനും ക്രിമിനൽ കുറ്റവാളിയാക്കാൻ ശ്രമി ക്കുകയും ചെയ്തവർക്കെതിരെ ശ്രീമതി പി. ആർ. സരസ്വതി അമ്മ | 12223/CWSC.2/11/Leg. | 22848/എച്ച്1/11/ ആഭ്യ. തീയതി 25-3-2011 |
| 2 | കടംകൊടുത്ത തുക തിരികെ ലഭിക്കുന്നതിനും ദേഹോപദ്രവം ഏല്പിച്ചവർക്കെതിരെ നടപടി യുമാവശ്യപ്പെട്ട് ശ്രീ. കെ. മാധവൻ നായർ | 12224/CWSC.2/11/Leg. | 21482/ഡി1/11/ ആഭ്യ. തീയതി 26-3-2011 |

| (1) | (2) | (3) | (4) |
|---|---|---|---|
| 3 | സീനിയർ സിറ്റിസൺസ് ആക്ട് നടപ്പാക്കുന്നതിൽ വിവിധ വകുപ്പുകൾ കാണിക്കുന്ന അലംഭാവം സംബന്ധിച്ച് ശ്രീ. ഇ. ജി. ശീലൻ | 12287/CWSC.2/11/Leg. | — |
| 4 | മകന് കടംകൊടുത്ത തുക തിരികെ ലഭിക്കുന്നതിനായി ശ്രീ. എം. എ. സുബ്രഹ്മണ്യൻ | 12290/CWSC.2/11/Leg. | 24357/എം1/11/ആഭ്യ. തീയതി 16-9-2011 |
| 5 | സഹോദരൻമാർ കൈവശപ്പെടുത്തിയ തറവാട്ട് സ്വത്ത് ലഭിക്കുന്നതിനായി ശ്രീമതി വി. കെ. രാജേശ്വരി | 12318/CWSC.2/11/Leg. | 72327/ജെ2/11/ആഭ്യ. തീയതി 11-10-2011 |
| 6 | നഷ്ടപ്പെട്ട പോസ്റ്റാഫീസ് നിക്ഷേപ രേഖകളെക്കുറിച്ച് അറിയുന്നതിനായി ശ്രീമതി കെ. ശാന്തമ്മ | 12439/CWSC.2/11/Leg. | 24358/എം1/11/ആഭ്യ. തീയതി 1-7-2011 |
| 7 | കബളിപ്പിച്ച് വസ്തു പണയപ്പെടുത്തിയ അയൽവാസിക്കും കൂട്ടുനിന്ന ബാങ്ക് മാനേജർക്കുമെതിരെ ശ്രീമതി കദീജ | 12565/CWSC.2/11/Leg. | 29382/ജെ2/11/ആഭ്യ. തീയതി 17.08.2011 |
| 8 | കുടുംബനാശത്തിന് കാരണമായവർക്കെതിരെ നടപടി ആവശ്യപ്പെട്ട് ശ്രീ. എം. സി. കുഞ്ഞൻ | 12991/CWSC.2/11/Leg. | 29380/ജെ3/11/ആഭ്യ. തീയതി 25-4-2011 |
| 9 | മാതാവിന്റെ പേരിലുള്ള സ്വത്തിൽ അവകാശപ്പെട്ട വിഹിതം ലഭിക്കുന്നതിനായി ശ്രീ. മുഹമ്മദ് ഷെരീഫ് | 16030/CWSC.2/11/Leg. | 79007/ജെ2/11/ആഭ്യ. തീയതി 14-10-2011 |
| 10 | മുതിർന്ന പൗരന്മാരുടെ വിവിധ ക്ഷേമ പദ്ധതികൾ സംബന്ധിച്ച വിവരശേഖരണം | 16957/CWSC.2/11/Leg. | — |
| 11 | അയൽവാസിയുടെ ഉപദ്രവത്തിൽ നിന്നും മകനെ രക്ഷിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. റ്റി.പി. കുഞ്ഞൂഞ്ഞ് | 12090/CWSC.2/11/Leg. | 17879/ജെ.3/12/ആഭ്യ. തീയതി 8-3-2012 |
| 12 | അയൽവാസി അസഭ്യം പറയുന്നതിനെതിരെ ശ്രീ. പി. ഡി. രവീന്ദ്രൻ നായർ | 11581/CWSC.2/12/Leg | 29520/ഡി.3/12/ആഭ്യ. തീയതി 13-4-2012 |

| (1) | (2) | (3) | (4) |
|---|---|---|---|
| 13 | അയൽക്കാർ കെട്ടിടം പൊളിച്ച വേസ്റ്റിട്ട് തന്റെ മതിൽ നികത്തിയെന്നും പോലീസിലും സുതാര്യകേരളത്തിലും പരാതിപ്പെട്ടിട്ടും നടപടി സ്വീകരിച്ചി ല്ലെന്നും പരാതിപ്പെട്ട് ശ്രീമതി എ. സുശീല | 11642/CWSC.1/11/Leg. | 18712/ഡി.1/12/ ആഭ്യ. തീയതി 9-3-2012 |
| 14 | അയൽവാസിയുടെ അതിക്രമങ്ങൾ ക്കെതിരെ നടപടി സ്വീകരിക്കണ മെന്ന് ആവശ്യപ്പെട്ട് ശ്രീ. കെ. വി. രാമകൃഷ്ണൻ | 11753/CWSC.1/11/Leg. | 17350/ജെ.2/11/ ആഭ്യ. തീയതി 3-10-2011 |
| 15 | വസ്തുവിലേക്കുള്ളവഴി പുനഃ സ്ഥാപിച്ച് കിട്ടണമെന്ന് ആവശ്യപ്പെട്ട് ശ്രീമതി റ്റി. സരോജം | 11959/CWSC.1/11/Leg. | 24359/എം.1/11/ ആഭ്യ. തീയതി 6-9-2011 |
| 16 | എറണാകുളം ലിസ് എന്ന സ്ഥാപ നത്തിൽ ഇരട്ടിതുക ലഭിക്കുമെന്ന വാഗ്ദാനത്തിന്മേൽ 5 ലക്ഷം രൂപ 5 കൊല്ലത്തേക്ക് നിക്ഷേപിച്ചെങ്കിലും നിക്ഷേപത്തുക മാത്രം തിരികെ ലഭിച്ചുവെന്നതിനാൽഇരട്ടിതുക ലഭ്യമാക്കാനുള്ള നടപടി സ്വീകരി ക്കുന്നതിനായി ശ്രീ. ടി. കെ. പുരുഷോത്തമൻ. | 13448/CWSC.1/11/Leg. | 38356/ജെ.2/11/ ആഭ്യ. തീയതി 28-5-2011 |
| 17 | മകൻ സ്വത്ത് കയ്യേറി വീട്ടിൽ നിന്നും പുറത്താക്കിയതായും തനിക്ക് ചെലവിന് നൽകാൻ ആർ.ഡി.ഒ. വിധിച്ച തുക മകൻ നൽകിയില്ലെന്നും പരാതിപ്പെട്ട് ശ്രീ. വി. എം. ശങ്കരൻ. | 13941/CWSC.1/11/Leg. | — |
| 18 | വ്യാജമൊഴിയുടെ അടിസ്ഥാനത്തിൽ കൃത്രിമ എഫ്. ഐ. ആർ. രജിസ്റ്റർ ചെയ്ത എസ്.ഐ.ക്കെതിരെ നിയമ നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീ. ഹരിദാസൻ പെരിങ്ങനാട് | 14895/CWSC.1 /11/Leg. | 15194/ഡി.2/12/ ആഭ്യ. തീയതി 29-2-2012 |
| 19 | മകളും ഭർത്താവും അതിക്രമങ്ങളും വധഭീക്ഷണിയും നടത്തുന്നതിനെ തിരെ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീമതി റോസമ്മ തോമസ് | 12496/CWSC.1/12/Leg. | 28761/ജെ.2/12/ ആഭ്യ. തീയതി 12-4-2012 |

| (1) | (2) | (3) | (4) |
|---|---|---|---|
| 20 | മകളുടെയും മരുമകന്റെയും ഉപദ്രവ ത്തിൽ നിന്നും സംരക്ഷണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി സി. ജഗദമ്മ | 14508/CWSC.1/12/Leg. | — |
| | **ആരോഗ്യ കുടുംബക്ഷേമ വകുപ്പ്** | | |
| 1 | സീനിയർ സിറ്റിസൺസ് ആക്ട് നടപ്പാക്കുന്നതിൽ വിവിധ വകുപ്പു കൾ കാണിക്കുന്ന അലംഭാവം സംബന്ധിച്ച് ശ്രീ. ഇ. ജി. ശീലൻ | 12287/CWSC.2/11/Leg. | 2255/FW.1/12/ ആ.കു.വ. തീയതി 5-3-2012 |
| 2 | സമിതിയുടെ പ്രഥമ റിപ്പോർട്ടിലെ ശുപാർശകളിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച് | 12387/CWSC.2/11/Leg. | 52324/FW.1/11/ ആ.കു.വ. തീയതി 8-3-2012 |
| 3 | വയോജനങ്ങൾക്ക് സൗജന്യമായോ സൗജന്യമായ നിരക്കിലോ മരുന്നു നൽകാൻ നടപടി ആവശ്യപ്പെട്ട് ശ്രീ. ജി. രാമകൃഷ്ണൻ നായർ | 11644/CWSC.1/11/Leg. | 8928/P.S./11/ ആ.കു.വ. തീയതി 14-6-2011 |
| 4 | പത്രപ്രവർത്തക പെൻഷൻ വർദ്ധി പ്പിക്കുക, പത്രപ്രവർത്തകർക്ക് ഹൗസിംഗ് ബോർഡ് അനുവദി ക്കുന്ന വീട് ലഭ്യമാക്കുക, മുതിർന്ന പൗരന്മാർക്ക് ചികിത്സാനുകൂല്യം നൽകുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ച് ശ്രീ. പി. വി. അഹമ്മദ് കോയ | 11681/CWSC.1/11/Leg. | — |
| 5 | പരിയാരം സഹകരണ മെഡിക്കൽ കോളേജിൽ വച്ച് നടത്തിയ ആൻജി യോപ്ലാസ്റ്റിക്ക് അധിക തുക ഈടാ ക്കിയത് തിരികെ നൽകണമെന്നാ വശ്യപ്പെട്ട് ശ്രീ. ടി. എം. ഷെറീഫ് | 12091/CWSC.1/12/Leg. | — |
| | **ഗതാഗത വകുപ്പ്** | | |
| 1 | ബസിൽ മുതിർന്ന പൗരന്മാർക്കുള്ള സീറ്റ് സംവരണം സംബന്ധിച്ച് ശ്രീ. സി. പത്മനാഭൻ | 11706/CWSC.1/11/Leg. | 5259/B2/12/ ഗതാഗതം, തീയതി 16-4-2012 |
| 2 | വയോജനങ്ങൾക്ക് കെ.എസ്.ആർ.ടി. സി.-യിൽ സൗജന്യയാത്ര അനുവദി ക്കുക മുതലായ നിരവധി ആവശ്യ ങ്ങൾ ഉന്നയിച്ച് ശ്രീ. ആന്റണി നെടുംപറമ്പിൽ | 11860/CWSC.1/11/Leg. | 3629/A2/11/ ഗതാഗതം തീയതി 16-6-2011 |

| (1) | (2) | (3) | (4) |
|---|---|---|---|
| 3 | മുതിർന്ന പൗരന്മാരുടെ വിവിധ ക്ഷേമപദ്ധതികൾ സംബന്ധിച്ച വിവരശേഖരണം | 16957/CWSC.2/11/Leg. | 5155/B1/12/ ഗതാഗതം തീയതി 10-4-2012 |
| | **സഹകരണ വകുപ്പ്** | | |
| 1 | സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും വിരമിച്ച ഹർജിക്കാരന് പെൻഷൻ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീ. സി. ജെ. ജേക്കബ് | 11751/CWSC.1/11/Leg. | — |
| 2 | സഹകരണ ഹൗസിംഗ് സൊസൈറ്റിയിൽ നിന്നും വീടും പറമ്പും പണയപ്പെടുത്തി എടുത്ത വായ്പയുടെ തിരിച്ചടവു മുടങ്ങിയതിനാൽ, വീടും പറമ്പും ലേലത്തിൽ വിൽക്കാനുള്ള നടപടിയിൽ നിന്നും രക്ഷിക്കണമെന്നഭ്യർത്ഥിച്ച് ശ്രീ. രാജൻ പാലക്കാട് | 11517/CWSC.1/12/Leg. | 2538/P.S1/12/സഹ. തീയതി 28-3-2012 |
| 3 | കബളിപ്പിച്ച് വസ്തു പണയപ്പെടുത്തിയ അയൽവാസിക്കും കൂട്ടുനിന്ന ബാങ്ക് മാനേജർക്കുമെതിരെ നടപടി ആവശ്യപ്പെട്ട് ശ്രീമതി കദീജ | 12565/CWSC.2/11/Leg. | 4999/B2/11/സഹ. തീയതി 18-7-2011 |
| | **തൊഴിലും പുനരധിവാസവും വകുപ്പ്** | | |
| 1 | ടെക് ക്ലീൻ മാർക്കറ്റിംഗ് സർവ്വീസിൽ ജോലി ചെയ്തുവരുന്ന ശ്രീ. പി. ഉണ്ണികൃഷ്ണൻ ടിയാന്റെ ശമ്പള കുടിശ്ശിക ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് സമർപ്പിച്ച ഹർജി | 11684/CWSC.1/11/Leg. | — |
| 2 | ആയുർവ്വേദ സഹകരണ സംഘത്തിൽ നിന്നും വിരമിച്ചശേഷം കൈപ്പറ്റിയ ഇ.പി.എഫ്. പെൻഷൻ തിരിച്ചടയ്ക്കണമെന്നാവശ്യപ്പെട്ടതിനെതിരെയും പെൻഷൻ നിർത്തലാക്കിയതിനെതിരെയും കൊല്ലം ആയുർവേദ സഹകരണ സംഘത്തിൽ നിന്നും വിരമിച്ച ജീവനക്കാർ സമർപ്പിച്ച ഹർജി | 12973/CWSC.1/11/Leg. | 11963/E2/11/തൊഴിൽ തീയതി 15-11-2011 |

| (1) | (2) | (3) | (4) |
| --- | --- | --- | --- |
| 3 | മുതിർന്ന പൗരന്മാരുടെ വിവിധ ക്ഷേമപദ്ധതികൾ സംബന്ധിച്ച വിവരശേഖരണം | 16957/CWSC.2/11/Leg. | — |
| | **ഊർജ്ജ വകുപ്പ്** | | |
| 1 | വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനായി ശ്രീമതി സരോജിനി | 12346/CWSC.2/12/Leg. | 2030/B3/12/ ഊ. വ. തീയതി 12-4-.2012 |
| | **പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്** | | |
| 1 | എസ്.എസ്.എൽ.സി. ബുക്കിൽ ജാതിചേർത്ത് കിട്ടുന്നതിനായി ശ്രീ. പി. എം. രാഘവൻ നായർ | 12007/CWSC.2/11/Leg. | 4269/എഫ്3/11/ പ.ജ.പ.വ.വി.വ തീയതി 15-2-2012 |
| | **നികുതി വകുപ്പ്** | | |
| 1 | ഭർത്താവിന്റെ പേരിലുള്ള സ്വത്ത് അവകാശികളുടെ സമ്മതമില്ലാതെ കൈമാറ്റം ചെയ്തെന്നാരോപിച്ച് ശ്രീമതി മാധവി | 12482/CWSC.2/11/Leg. | 6948/ഇ2/11/നി.വ. തീയതി 5-4-2011 |
| | **വ്യവസായ വകുപ്പ്** | | |
| 1 | മുതിർന്ന പൗരന്മാരുടെ വിവിധ ക്ഷേമപദ്ധതികൾ സംബന്ധിച്ച വിവരശേഖരണം | 16957/CWSC.2/11/Leg. | — |
| | **മത്സ്യബന്ധന തുറമുഖ വകുപ്പ്** | | |
| 1 | മുതിർന്ന പൗരന്മാരുടെ വിവിധ ക്ഷേമപദ്ധതികൾ സംബന്ധിച്ച വിവരശേഖരണം | 16957/CWSC.2/11/Leg. | — |
| | **പ്രവാസികേരളീയകാര്യ വകുപ്പ്** | | |
| 1 | മുതിർന്ന പൗരന്മാരുടെ വിവിധ ക്ഷേമപദ്ധതികൾ സംബന്ധിച്ച വിവരശേഖരണം | 16957/CWSC.2/11/Leg. | — |
| | **കൃഷി വകുപ്പ്** | | |
| 1 | മുതിർന്ന പൗരന്മാരുടെ വിവിധ ക്ഷേമപദ്ധതികൾ സംബന്ധിച്ച വിവരശേഖരണം | 16957/CWSC.2/11/Leg. | 38135/എ.പി.11/ കൃഷി തീയതി 26-3-2012 |

| (1) | (2) | (3) | (4) |
|---|---|---|---|
| | **സാംസ്ക്കാരികകാര്യ വകുപ്പ്** | | |
| 1 | കാട്ടുതേനീച്ചയെ ഓടിക്കുന്നതിന് മരുന്ന് കണ്ടുപിടിച്ച തനിക്ക് പെൻഷനും അവാർഡും നൽകണ മെന്നാവശ്യപ്പെട്ട് ശ്രീ. ഉക്രുക്കുട്ടി കൊള്ളന്നൂർ | 11693/CWSC.1/11/Leg. | — |
| | **ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പ്** | | |
| 1 | പാചകവാതകം യഥാസമയം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ശ്രീ. സി. നാരായണൻ | 11759/CWSC.1/11/Leg. | 5691/ഡി3/11/ ഭ.സി.സ.വ. തീയതി 21-5-2011 |